# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1212 02.03.2017-ൽ മറുപടിക്ക്

**<u>ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത്/മുനിസിപ്പൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത്/മുൻസിപ്പൽ ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ഗ്രേഡ്, ട്രാൻസ്ഫർ തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ(കൈ)നം.132/2014/പൊ.വി.വ തീയതി 17.07.2014 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവു പ്രകാരം ഒരു ജില്ലയ്ക്കുള്ളിൽ സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഒരു കോമൺപൂളായി നിലനിർത്തിയിട്ടുണ്ട്.<br>പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലെ ഒഴിവുകളും ഹയർ സെക്കന്ററി സ്കൂൾ അധ്യാപക/പ്രിൻസിപ്പൽ തസ്തികകളിലുള്ള ഒഴിവുകളും നികത്തേണ്ടത് അധ്യാപകരുടെ സംസ്ഥാനതല കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മാത്രമാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കോമൺപൂളിൽ നിന്നും പ്രൊമോഷന് യോഗ്യരായ അപേക്ഷകർ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണ് എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോമൺപൂളിൽ ഉൾപ്പെടെ അധ്യാപക അനദ്ധ്യാപക സർവ്വീസ് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | ശുപാർശയിന്മേൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്. അതിൽ തീരുമാനമായ ശേഷം മാത്രമേ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത സ്കൂളുകളിൽ അനധ്യാപകരായ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 05.09.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കന്ററി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.08.2015 തീയതിയിലെ ജി.ഒ (എം.എസ്)നം. 220/2015/പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.